കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - വാട്ടർവേൾഡ് ടൂറിസം കമ്പനി (പ്രൈ) ലിമിറ്റഡിന്റെ വസ്തുനികുതി പുനർ നിർണ്ണയം - ആലപ്പുഴ നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

## തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ(സാധാ )നം.1455/2019/ത.സ്വ.ഭ.വ　　　　തീയതി, തിരുവനന്തപുരം: 11.07.2019.

---

പരാമർശം: 1) നഗരകാര്യ ദക്ഷിണമേഖല ജോയിന്റ് ഡയറക്ടറുടെ (ഇൻചാർജ്ജ്) 30.05.2019-ലെ ജി-842/2019 നമ്പർ പരിശോധന റിപ്പോർട്ട്.

2) 03.06.2019-ലെ ആർ.സി.2/98/2019/ത.സ്വ.ഭ.വ. നമ്പർ കത്ത്.

3) നഗരകാര്യ ഡയറക്ടറുടെ06.07.2019-ലെ ജി1-14243/19 നമ്പർ കത്ത്.

4) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്.

## <u>ഉത്തരവ്</u>

ആലപ്പുഴ നഗരസഭയിലെ തിരുമല വാർഡിൽ ശ്രീ. തോമസ് ചാണ്ടി, മാത്യു ജോസഫ്, എൻ.വി. വർഗ്ഗീസ് എന്നിവരുടെ ഉടമസ്ഥതയിൽ പ്രവർത്തിച്ചു വരുന്ന വാട്ടർവേൾഡ് ടൂറിസം കമ്പനി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ വിവിധ കെട്ടിടങ്ങളുടെ വസ്തുനികുതി പുന:നിർണ്ണയിച്ച് നഗരസഭയുടെ 22.05.2019-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകുകയും പ്രസ്തുത തീരുമാനത്തിനെതിരെ വാട്ടർവേൾഡ് ടൂറിസം കമ്പനി മാനേജിംഗ് ഡയറക്ടർ ശ്രീ. മാത്യു ജോസഫ് സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിക്കുകയുമുണ്ടായി. ദക്ഷിണമേഖല ജോയിന്റ് ഡയറക്ടർ നിവേദനത്തിലെ വിഷയത്തിന്മേൽ നേരിട്ട് പരിശോധന നടത്തുകയും, റിപ്പോർട്ട് സർക്കാരിലേയ്ക്ക് 30.05.2019-ന് സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വാർഷിക വസ്തുനികുതി സംബന്ധിച്ച് നഗരസഭ നടത്തിയ അസസ്സ്മെൻറ് പുന:പരിശോധിക്കുന്നതിനും ചട്ടപ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി വാട്ടർവേൾഡ് ടൂറിസം കമ്പനിയുടെ പേരിലുള്ള ലേക്ക് പാലസ് റിസോർട്ടിന്റെ മുനിസിപ്പൽ ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സൂചന (2) പ്രകാരം സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി.

2. സർക്കാർ നിർദ്ദേശത്തിന്മേൽ നിയമോപദേശം ലഭ്യമാക്കി കൗൺസിൽ മുമ്പാകെ സമർപ്പിക്കണമെന്ന് നഗരസഭാ ചെയർമാൻ സെക്രട്ടറിക്ക് 17.06.2019-ന് കുറിപ്പ് നൽകിയിട്ടുള്ളതും, ആയത് പ്രകാരം നിയമോപദേശം ലഭ്യമാക്കി 26.06.2019-ലെ കൗൺസിൽ മേൽ വിഷയം ചർച്ച ചെയ്യുകയും ചെയ്തു എന്നും സർക്കാർ നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധികാരത്തിൻമേലുള്ള കടന്നുകയറ്റമാണെന്നും അതിനാൽ പ്രസ്തുത നിർദ്ദേശം അംഗീകരിക്കേണ്ടതില്ല എന്നും കൗൺസിൽ തീരുമാനിച്ചതായി നഗരകാര്യ ജോയിന്റ് ഡയറക്ടർ സൂചന (3) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൗൺസിൽ തീരുമാനത്തിൽ നഗരസഭ സെക്രട്ടറി വിയോജിപ്പ് രേഖപ്പെടുത്തി സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. 22.05.2019-ലെ കൗൺസിൽ തീരുമാനപ്രകാരം നിശ്ചയിച്ച നികുതി തുകയായ 1,17,78,654/- രൂപയ്ക്ക് തുല്യമായ ബാങ്ക് ഗ്യാരന്റിയും 2 മാസത്തിനകം ഒടുക്കിക്കൊള്ളാമെന്നുള്ള നോട്ടറി

അഫിഡവിറ്റിന്റെയും അടിസ്ഥാനത്തിൽ ലൈസൻസ് 2 മാസത്തേക്ക് താൽക്കാലികമായി പുതുക്കി നൽകുന്നതിന് നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. കേരള മുനിസിപ്പൽ ആക്ട് 233 (18) പ്രകാരം സർക്കാരിന് ഏതവസരത്തിലും ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ സെക്രട്ടറി നടത്തുന്ന വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാവുന്നതും ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് ഉചിതമായ നിർദ്ദേശം നൽകാവുന്നതും അത് പാലിക്കാൻ സെക്രട്ടറി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. കൂടാതെ, 2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്ന കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് പ്രകാരം നികുതി പുനർ നിർണ്ണയിച്ച് ലൈസൻസ് നൽകുന്നതിനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

4. മേൽ സാഹചര്യത്തിൽ M/s. വാട്ടർവേൾഡ് ടൂറിസം കമ്പനി (പ്രൈ) ലിമിറ്റഡിന്റെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച് സർക്കാർ നൽകിയ നിർദ്ദേശത്തിനെതിരായി ആലപ്പുഴ നഗരസഭാ കൗൺസിൽ എടുത്ത തീരുമാനത്തിന്മേലുള്ള നഗരസഭാ സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് അംഗീകരിച്ചുകൊണ്ടും സൂചന (1)-ലെ സർക്കാർ നിർദ്ദേശം നടപ്പാക്കി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആലപ്പുഴ നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടി.കെ. ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ആലപ്പുഴ നഗരസഭ.
ചെയർമാൻ, ആലപ്പുഴ നഗരസഭ.
ശ്രീ. മാത്യു ജോസഫ്, മാനേജിംഗ് ഡയറക്ടർ
വാട്ടർവേൾഡ് ടൂറിസം കമ്പനി (പ്രൈ.) ലിമിറ്റഡ്
(ലേക്ക് പാലസ് റിസോർട്ട്), ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ),കേരള
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ